കേരള സർക്കാർ
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
ജില്ല ഇൻഫർമേഷൻ ഓഫീസ്, ആലപ്പുഴ-688 001
ഫോൺ: 0477-2251349; ഇ-മെയിൽ: prdalppy@gmail.com,
വെബ്സൈറ്റ്: www.prd.kerala.gov.in

---

പത്രക്കുറിപ്പ് 2 'ഭരണഭാഷ-മാതൃഭാഷ' 2019 മെയ് 13 തിങ്കൾ

---

# കായംകുളം - കുട്ടംവാതുക്കൽ കടവ് പാലം നിർമ്മാണം - പ്രാരംഭ പരിശോധനക്ക് ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തി : മന്ത്രി ജി. സുധാകരൻ

ആലപ്പുഴ: ജില്ലയിലെ കായംകുളം നിയോജകമണ്ഡലത്തിൽ കുട്ടംവാതുക്കൽകടവ് പാലം നിർമ്മിക്കുന്നതിന്റെ ഭാഗമായി പ്രാരംഭ പരിശോധനകൾ നടത്താൻ പൊതുമരാമത്ത് വകുപ്പ് പാലം വിഭാഗം ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തിയതായി വകുപ്പുമന്ത്രി ജി. സുധാകരൻ അറിയിച്ചു. 1967-ലെ ഇ.എം.എസ് സർക്കാരിന്റെ കാലത്തുള്ള നിർദ്ദേശമായിരുന്നു കുട്ടംവാതുക്കൽകടവ് പാലം നിർമ്മാണമെങ്കിലും പല സാങ്കേതിക കാരണങ്ങളാലും നിർമ്മാണം നടത്താൻ സാധിച്ചില്ല. കായംകുളം മുനിസിപ്പാലിറ്റിയുമായി ആറാട്ടുപുഴ, കല്ലൂർ, ദേവികുളങ്ങര പഞ്ചായത്തുകളിലുള്ള ജനങ്ങൾക്ക് വളരെ സാഹസപ്പെട്ട് വള്ളത്തിലൂടെ സഞ്ചരിച്ചു വേണം എത്തിപ്പെടാൻ.

ജനപ്രതിനിധികളും, പാലം ആക്ഷൻ കമ്മിറ്റി ഭാരവാഹികളും ഇക്കാര്യത്തിൽ ഒരുപോലെ ആവശ്യം ഉന്നയിച്ചിരിക്കുകയാണ്. പാലം യാഥാർത്ഥ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നാവശ്യപ്പെട്ട് നിവേദനങ്ങൾ ലഭിച്ചിട്ടു ്. ഇത് പാലം വിഭാഗം ചീഫ് എഞ്ചിനീയറുടെ പരിഗണനയ്ക്കായി നൽകിയിട്ടുന്നെും ഇതു സംബന്ധിച്ച് കായംകുളം എം.എൽ.എയുമായി ചർച്ച ചെയ്തതായും മന്ത്രി അറിയിച്ചു. കുട്ടംവാതുക്കൽകടവ് പാലം നിർമ്മാണത്തിനായി വിശദമായ പ്രൊജക്ട് റിപ്പോർട്ടും ഡിസൈനും തയ്യാറാക്കുന്നതിനുള്ള പ്രാരംഭ പരിശോധനകൾ നടത്തി അടിയന്തിര റിപ്പോർട്ട് സമർപ്പിക്കണമെന്നാണ് പൊതുമരാമത്ത് പാലം വിഭാഗം ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതെന്ന് മന്ത്രി ജി. സുധാകരൻ അറിയിച്ചു. ഒറ്റപ്പെട്ട തുരുത്തുകളിൽ കഴിയുന്നവരുടെ ഉന്നമനത്തിനും യാത്രാ സൗകര്യത്തിനും സർക്കാർ മുന്തിയ പരിഗണന നൽകുമെന്ന് മന്ത്രി പറഞ്ഞു.